Registered Office

INKEL Limited, Door No. 14/812 & 813,
1st Floor, Ajiyal Complex, Kakkanad, Cochin,
Kerala – 682030, Phone: +91 484 2978101
CIN:U45209KL2007PLC020471

**മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള ലേല പരസ്യം**

മാനന്തവാടി (കുഴിനിലം) KSEBL സ്ഥലത്ത് സോളാർ പ്ലാന്റ് സ്ഥാപിയ്ക്കുന്നതിനായി ടി സ്ഥലത്തെ മരങ്ങൾ ലേല വ്യവസ്ഥയിൽ മുറിച്ചു വിൽക്കുന്നതിന് ഉദ്ദേശിക്കുന്നു. താത്പ്പര്യമുള്ളവരിൽ നിന്നും ഇൻകെൽ കുഴിനിലം മാനന്തവാടി സോളാർ സൈറ്റിൽ 25-04-2024 നടക്കുന്ന ലേലത്തിൽ നേരിട്ട് പങ്കെടുക്കുവാൻ ക്ഷണിച്ചുകൊള്ളുന്നു.

| ലേല നമ്പർ | ക്രമ നം. | ലേല വസ്തുക്കളുടെ വിവരം | Tree No. | നെഞ്ചുയരം വണ്ണം (In cm) | തടിയുടെ വ്യാപ്തം (M3) | വിറകിന്റെ അളവ് (MT) | നിരതദ്രവ്യം ലേലം |
|---|---|---|---|---|---|---|---|
| INKEL/MNDVY/TREES/AUCTION/001/2024-25 | 1 | പേഴ് | 1 | 88 | 0.218 | 0.195 | 15,000 രൂപ |
| | 2 | താന്നി | 3 | 88 | 0.218 | 0.000 | |
| | 3 | കോളി | 5 | 280 | 4.331 | 2.059 | |
| | 4 | പേഴ് | 6 | 0.115 | 0.218 | 0.195 | |
| | 5 | വെണ്ടേക്ക് | 7 | 95 | 0.322 | 0.176 | |
| | 6 | താന്നി | 8 | 120 | 0.547 | 0.140 | |
| | 7 | ചടച്ചി | 9 | 135 | 0.879 | 0.274 | |
| | 8 | ആഞ്ഞിലി | 10 | 133 | 0.372 | 0.531 | |
| | 9 | ചടച്ചി | 11 | 70 | 0.010 | 0.000 | |
| | 10 | ചടച്ചി | 12 | 115 | 0.547 | 0.140 | |
| | 11 | താന്നി | 13 | 145 | 1.061 | 0.140 | |
| | 12 | വെണ്ടേക്ക് | 14 | 200 | 1.712 | 0.903 | |
| | 13 | പൂവ്വം | 15 | 80 | 0.165 | 0.074 | |
| | 14 | കാട്ടമ്പഴം | 16 | 190 | 1.889 | 0.735 | |
| | 15 | കാട്ടമ്പഴം | 17 | 100 | 0.257 | 0.036 | |
| | 16 | കാട്ടമ്പഴം | 19 | 125 | 0.708 | 0.165 | |
| | 17 | പേഴ് | 72 | 85 | 0.218 | 0.195 | |
| | 18 | കാട്ടമ്പഴം | 73 | 115 | 0.547 | 0.140 | |
| | 19 | മാവ് | 154 | 180 | 1.661 | 0.631 | |
| | | ആകെ | | 2344.1 | 15.880 | 6.73 | |

| | |
|---|---|
| ലേല തിയ്യതിയും സമയവും | 25-04-2024 രാവിലെ 11 മണി |
| ലേല സ്ഥലം | കുഴിനിലം മാനന്തവാടി സോളാർ സൈറ്റ് |

## നിബന്ധനകൾ

1. സാധുവായ പാൻകാർഡ് കൈവശമുള്ളവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.
2. ലേലത്തിൽ മരങ്ങളുടെ വില ഒറ്റ ലോട്ട് ആയി കണക്കാക്കിയാണ് തുക രേഖപ്പെടുത്തേണ്ടത്.
3. ലേലത്തിൽ പങ്കെടുക്കുന്നവർ പാൻകാർഡ്, തിരിച്ചറിയൽ രേഖ, നിരതദ്രവ്യം (15000/- രൂപ) ഇൻകെൽ ലിമിറ്റഡ് എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാക്കനാട് CEPZ ശാഖയിൽ (SBIN0009485) മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് എന്നിവ നിർബന്ധമായും കൊണ്ടു വരേണ്ടതും, അത് ലേല ദിവസം രാവിലെ 10 മുതൽ 11 മണിവരെ ഓഫീസിൽ ഏൽപിപ്പിച്ച് ടോക്കൺ കൈപ്പറ്റേണ്ടതുമാണ്.
4. ടോക്കൺ ഉള്ളവരെ മാത്രമേ ലേലസമയത്ത് പ്രവേശിപ്പിക്കുകയുള്ളൂ.
5. ലേലം താത്കാലികമായി ഉറപ്പിച്ചാൽ ആ ദിവസം തന്നെ ലേലതുകയുടെ 50% ശതമാനം കെട്ടിവെക്കേണ്ടതാണ്. നിയമാനുസൃത നികുതിയുൾപ്പടയുള്ള ബാക്കി തുക അറിയിപ്പ് കിട്ടി 5 ദിവസത്തിനകം അടക്കേണ്ടതാണ്.
6. ലേല ദിവസം പൊതു അവധിയായാൽ തൊട്ടടുത്ത പ്രവർത്തിദിവസം അതേ സ്ഥലത്തും അതേ സമയത്തും ലേലം നടക്കുന്നതായിരിക്കും.
7. ലേലത്തോടൊപ്പം സമർപ്പിക്കുന്ന നിരത ദ്രവ്യം സെക്യൂരിറ്റി ഡെപ്പോസിറ്റിലേക്ക് വകയിരുത്തുന്നതായിരിക്കും. ലേലവസ്തുക്കൾ മുഴുവനായി നീക്കം ചെയ്തതിനുശേഷം മാത്രം സെക്യൂരിറ്റി ഡെപ്പോസിറ് തിരിച്ചു നൽകുന്നതാണ്.
8. മാനന്തവാടി കുഴിനിലത്തു നിന്നും, ലേലം ചെയ്ത് മുറിച്ചു മാറ്റാൻ ഉദ്ദേശിക്കുന്ന മരങ്ങൾ ഇൻകെൽ സൈറ്റ് എഞ്ചിനീയറുമായി (Ph: 9746841955) ബന്ധപ്പെട്ട് പ്രവർത്തി ദിനങ്ങളിൽ (09:30 am to 05:30 pm) പരിശോധിക്കാവുന്നതാണ്. ലേലം ചെയ്ത വസ്തുക്കൾ തരം തിരിഞ്ഞ് എടുക്കാൻ അനുവദിക്കുന്നതല്ല. നിശ്ചിത ദിവസങ്ങൾക്കകം ലേലവസ്തുക്കൾ നീക്കം ചെയ്യാതിരുന്നാൽ ഇൻകെൽ ലിമിറ്റഡ് അനുശാസിക്കുന്ന തരത്തിലുള്ള തറവാടക ഈടാക്കുന്നതാണ്.
9. ലേലം സ്വീകരിക്കാനും തിരസ്കരിക്കാനും റദ്ദാക്കാനുമുള്ള അധികാരം ഇൻകെൽ ലിമിറ്റഡ് അധികൃതരിൽ നിക്ഷിപ്തമായിരിക്കും.
10. ലേലം കൊണ്ട വ്യക്തി നിശ്ചിത സമയത്തിനുള്ളിൽ പണമടക്കാതിരിക്കുകയോ, ലേലം ഉറപ്പിച്ചയാൾ വസ്തുവകകൾ തക്ക സമയത്ത് പണമടച്ചതിനു ശേഷം നിശ്ചിത സമയത്തിനു മുൻപ് (15 ദിവസത്തിനുള്ളിൽ) മാറ്റാതിരിക്കുകയോ ചെയ്താൽ ഇൻകെൽ ലിമിറ്റഡിന് അടച്ച പണം കണ്ടു കെട്ടുന്നതിനും, ഈ ലേലം റദ്ദാക്കുന്നതിനും, വസ്തുക്കൾ ലേലം ഉറപ്പിച്ചയാളുടെ ചിലവിലും ഉത്തരവാദിത്വത്തിലും വിറ്റഴിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതായിരിക്കും.
11. ലേലത്തെ സംബന്ധിച്ച് ഇൻകെലിൽ നിലവിലുള്ള എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കും.

12. ലേലത്തിൽ പങ്കെടുക്കുന്നവർ, ലേലം സംബന്ധിച്ച സംശയങ്ങൾ ലേല ദിവസത്തിനു മുമ്പായി തന്നെ ഓഫീസ് സമയത്ത് ബന്ധപ്പെട്ട് സംശയ നിവാരണം വരുത്തേണ്ടതാണ്.
13. ലേലത്തിൽ പങ്കെടുക്കുന്നയാൾക്ക് ഇ മെയിൽ വിലാസം ഉണ്ടായിരിക്കണം. ലേലം സമബന്ധിച്ച നടപടി ക്രമങ്ങൾ ഇ മെയിൽ സന്ദേശം വഴി അറിയിച്ചാൽ അത് അറിയിപ്പ് കൈപ്പറ്റിയതായി കണക്കാക്കുന്നതായിരിക്കും.
14. കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ, https://inkel.in/ എന്ന വെബ് സൈറ്റിൽ നിന്നോ അറിയാവുന്നതാണ്.
15. ലേലം സ്ഥിരപ്പെടുത്തിയ ആൾ 200/- രൂപയുടെ കേരള ഗവൺമെന്റ് സ്റ്റാമ്പ് പേപ്പറിൽ ഇൻകെൽ നിർദ്ദേശിച്ച രീതിയിലുള്ള എഗ്രിമെന്റ് ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്. മുഴുവൻ തുകയടച്ച് എഗ്രിമെന്റ് വെച്ചതിനുശേഷം മാത്രമേ sale letter നൽകുകയുള്ളൂ.
16. ലേലത്തിൽ ക്വോട്ട് ചെയ്ത തുക ലേല തിയ്യതി മുതൽ 3 മാസത്തേക്ക് സാധുവായിരിക്കുന്നതാണ്.
17. ലേലം കൈക്കൊണ്ട ആൾ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും മരങ്ങൾ മുറിച്ചുമാറ്റേണ്ടതാണ്. ഇതുമൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് ഇൻകെലിന് ഉത്തരവാദിത്വമില്ല.
18. മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ ഇൻകെലിന്റെയോ KSEBL-ന്റെയോ പൊതുജനത്തിന്റെയോ സ്ഥാവര ജംഗമ വസ്തുക്കൾക്ക് ഇതുമൂലം കേടുപാടുകൾ വരുത്താൻ പാടുള്ളതല്ല. ഇതുമൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് ദർഘാസ്/ലേലം കൈക്കൊണ്ട ആൾ ഉത്തരവാദിയായിരിക്കും.
19. ലേലം കൊണ്ട മരങ്ങൾ തിരഞ്ഞെടുക്കാതെ മരങ്ങളും ശാഖകളും മുഴുവനായും മുറിച്ചു മാറ്റി കൊണ്ടുപോകേണ്ടതാണ്.
20. ലേലം ചെയ്ത തുക GST ഒഴികെയുള്ളതാണ്. GST-യും മറ്റ് നിയമാനുസൃത നികുതികളും ഇതിനു പുറമെ അടക്കേണ്ടതാണ്.

ഇൻകെൽ ലിമിറ്റഡ്, കാക്കനാട്

സ്ഥലം: കാക്കനാട്

തിയ്യതി: 20-04-2024